# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അരിമ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P1)1150/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരിമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P1)1150/2022. തീയ്യതി: 27/07/2022

## തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-03-2021 മുതൽ 02-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 04-07-2022 | 12-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-07-2022 | 12-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സീനത്ത് പി എ,ഓഡിറ്റ് ഓഫീസർ
സിജു പി ഡാംസൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
വിദ്യ വിക്രമൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സ്റ്റാൻലി പി എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ധന്യ എ സുരേന്ദ്രൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുജാത മോഹൻദാസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്ഹോക് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി സ്മിത അജയകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സത്യൻ ടി | സെക്രട്ടറി | 01-04-2020 | 02-08-2020 |
| ശ്രീമതി ഗീത വി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-08-2020 | 10-08-2020 |
| ശ്രീ സത്യൻ ടി | സെക്രട്ടറി | 11-08-2020 | 04-03-2021 |
| ശ്രീമതി ഗീത വി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എ എൽ തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീമതി ഗീത വി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 13-06-2020 | 31-03-2021 |
| ശ്രീ വിൻസെന്റ് സി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ഷീമ ഗംഗാധരൻ | മെഡിക്കൽ ഓഫീസർ ,അലോപ്പതി | 01-04-2020 | 28-01-2021 |
| ഡോ.ദീപക് മേനോൻ | മെഡിക്കൽ ഓഫീസർ ,അലോപ്പതി | 29-01-2021 | 31-03-2021 |
| ഡോ ഗംഗാദേവി ഇ കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 22-02-2021 |
| ഡോ ലിജ ജേക്കവ് എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 23-02-2021 | 31-03-2021 |
| ഡോ ദീപ എൻ ഡി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ ഗോപികൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ലക്ഷ്മി കെ മോഹൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഉഷാകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി നിത ജോൺ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 05-11-2020 |

| | | | |
|---|---|---|---|
| ശ്രീമതി സൂര്യമോൾ ടി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 06-11-2020 | 31-03-2021 |
| ശ്രീമതി സ്മൃതി വാസുദേവൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീമതി ശ്രീജ വി | ഡയറി ഫാം ഇൻസ്ട്രക്ടർ ഇൻ ചാർജ്ജ് | 16-02-2021 | 31-03-2021 |
| ശ്രീ മേജോ പി ജെ | വി ഇ ഒ,എറവ് സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി ധന്യ എം എസ് | വി ഇ ഒ,മനക്കൊടി സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി കാവ്യ ഗോപിനാഥ് | വി ഇ ഒ,അരിമ്പൂർ സർക്കിൾ | 01-04-2020 | 10-01-2021 |
| ശ്രീമതി വോൾഗ ജി നായർ | വി ഇ ഒ,അരിമ്പൂർ സർക്കിൾ | 11-01-2021 | 31-03-2021 |
| ഡോ ജോയ്സി ജേക്കബ് എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Seenath (Audit Officer, On 12-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Siju P. Damson (Asst. Audit Officer, On 12-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം(റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)<br>Written By: Siju P. Damson (Asst. Audit Officer, On 12-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.A.Seenath (Audit Officer, On 12-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Seenath (Audit Officer, On 12-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.A.Seenath (Audit Officer, On 12-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: P.A.Seenath (Audit Officer, On 12-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Dhanya.A (Auditor, On 12-07-2022)<br>Last Updated By: Dhanya.A (Auditor, On 15-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.A.Seenath (Audit Officer, On 12-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 09-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-10 |
| 11 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-11 |
| 12 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-12 |
| 13 | വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-13 |
| 14 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-14 |
| 15 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും | 1-15 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | |
| 16 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-16 |
| 17 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-17 |
| 18 | വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-18 |
| 19 | വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-19 |
| 20 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-20 |
| 21 | ലഭ്യത സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-21 |
| 22 | Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-22 |
| 23 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-23 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-24 |
| 25 | ഡിപ്രിസിയേഷൻ അതാത് ആസ്തികളുടെ ശീർഷകങ്ങൾക്ക് അനുസരിച്ചോ ആസ്തികളുടെ ഗണത്തിന് അനുസരിച്ചോ A(Group Of Assets) പുനക്രമീകരിച്ചിട്ടില്ല.<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-25 |
| 26 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 08-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-26 |
| 27 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 09-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-27 |
| 28 | ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Dhanya.A (Auditor, On 09-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-28 |
| 29 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.<br>Written By: Dhanya.A (Auditor, On 09-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-29 |
| 30 | സാംഖ്യ സോഫ്റ്റ്വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് | 1-30 |

| | | |
|---|---|---|
| | മൊഡ്യൂളിയിലേയ്ക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം<br>Written By: Siju P. Damson (Asst. Audit Officer, On 13-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | |
| 31 | ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ ട്രയൽ ബാലൻസ്-നീക്കിയിരിപ്പിൽ ഒരു ഇനത്തിനു തന്നെ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പ് ഒരേ സമയം ചേർത്തിരിക്കുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 13-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-31 |
| 32 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.<br>Written By: Siju P. Damson (Asst. Audit Officer, On 13-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-32 |
| 33 | ILGMS രസീതു ക്യാൻസലേഷൻ- അപാകതകൾ<br>Written By: Dhanya.A (Auditor, On 14-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-33 |
| 34 | ലേലം-ലഭ്യമായ തുക ബാധ്യത ശീർഷകത്തിൽ അടവാക്കി.നാളിതു വരെ വരവ് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.<br>Written By: Dhanya.A (Auditor, On 15-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-34 |
| 35 | സപ്ലൈകോയിൽ നിന്നും നിയമാനുസൃത ജി എസ് ടി,ഫ്ലഡ് സെസ്സ് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.<br>Written By: Dhanya.A (Auditor, On 15-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-35 |
| 36 | അഗതിരഹിത കേരളം പദ്ധതി-പ്ലാൻ ഫണ്ട് ചെലവഴിക്കാതെ ശേഷിക്കുന്നു<br>Written By: Vidya Vikraman (Asst. Audit Officer, On 14-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-36 |
| 37 | മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 13-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 22-07-2022) | 1-37 |
| 38 | ആസ്തി രജിസ്റ്റർ കാലികമാക്കൽ-അഡ്വാൻസ് നൽകി -നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 13-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 1-38 |
| 39 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: P.A.Seenath (Audit Officer, On 13-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 1-39 |
| 40 | അരിമ്പൂർ പി.എച്ച്.സി കിണർ മെയിന്റനൻസ്-ടെന്റർ കുറവ് കുറക്കാതെ കരാറുകാരന് തുക നൽകി.<br>Written By: P.A.Seenath (Audit Officer, On 13-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 1-40 |
| 41 | പ്രവൃത്തി ഏറ്റെടുത്ത് കരാർ വെച്ചിട്ട് പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചു കാണുന്നില്ല.<br>Written By: P.A.Seenath (Audit Officer, On 13-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 1-41 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

| | | |
|---|---|---|
| 1 | അരിമ്പൂർ പി.എച്ച്.സി കിണർ മെയിന്റനൻസ്-ടെന്റർ കുറവ് കുറക്കാതെ കാറുകാരന് തുക നൽകി.-8530/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.<br>Written By: P.A.Seenath (Audit Officer, On 14-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Seenath (Audit Officer, On 06-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Seenath (Audit Officer, On 06-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: P.A.Seenath (Audit Officer, On 06-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 06-07-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: P.A.Seenath (Audit Officer, On 06-07-2022)<br>Last Updated By: Siju P. Damson (Asst. Audit Officer, On 12-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: P.A.Seenath (Audit Officer, On 06-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Seenath (Audit Officer, On 06-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P.A.Seenath (Audit Officer, On 06-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 06-07-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: P.A.Seenath (Audit Officer, On 06-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 06-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Seenath (Audit Officer, On 06-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.A.Seenath (Audit Officer, On 06-07-2022)<br>Last Updated By: P.A.Seenath (Audit Officer, On 23-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 24.03.2020, തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 270787863 | 270167581 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 02.02.2021തീരുമാനം11(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 291396826 | 288177324 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2021 | 25.08.2021 |

### 1-3 സാമ്പത്തിക വിശകലനം(റെസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 3,16,61,198 |
| ഓഡിറ്റ് വർഷത്തെ വരവ് | 89,236,704 |
| ആകെ | 12,08,97,902 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,21,97,275 |
| നീക്കിയിരിപ്പ് | 1,87,00,627 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 18054147 | 14653753 | 3400394 |
| വികസനഫണ്ട്-എസ് സി പി | 10583020 | 10485471 | 97549 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 |
| മെയിന്റനൻസ്-റോഡ് | 9593000 | 9593000 | 0 |
| മെയിന്റനൻസ്-റോഡിതരം | 4469334 | 2806712 | 1662622 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic Grant) | 12081196 | 7800035 | 4281161 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Grant) | 5710000 | 2585504 | 3124496 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 249 | 148135678 | 209 | 76421654 | 22 | 18 | 51.59 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4098 | 993017 | 997115 | 983195 | 13920 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 18667352 | 18667352 | 18667352 | - |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 13469000 | 743 |
| വിധവാ പെൻഷൻ | 27648200 | 1483 |
| വാർദ്ധക്യകാല പെൻഷൻ | 49179000 | 2778 |
| വികലാംഗ പെൻഷൻ | 6971400 | 384 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3464600 | 184 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-07-2022 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14650/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.ആസ്തി രജസ്റ്റർ കാലകമാക്കിയിട്ടില്ല.
2.മോണിറ്ററിഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. സ്റ്റാന്റിങ്ങ് കമ്മിറ്റികൾ മോണിറ്ററിഗ് നടത്തുകയും ആയത് റിപ്പോർട്ടിനൊപ്പം സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))
(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-11 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി

ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3140587 | 2868887 | 26488 | 256346 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3140587 | 2857753 | 26488 | *256666 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(269499/105X100)=256666 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 11134രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4.മുൻകൂർ തുക ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ 1/4/20 ലെ മുൻബാക്കി 2588 മാത്രമായിരിക്കേ Prior Period Items എന്ന ശീർഷകത്തിലൂടെ സാങ്കല്പികമായി 23900 രൂപ വർദ്ധിപ്പിച്ചാണ് മുൻകൂർ ക്രമീകരിച്ച തുക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.
(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-12 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ | 1268257 | 1129922 | 13568 | 127282 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1268257 | 1127407 | 13568 | *127282 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(133709 /105X100)=127342 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 2515രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4.മുൻകൂർ തുക ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ 1/4/20 ലെ മുൻബാക്കി 5250 മാത്രമായിരിക്കേ Prior Period Items എന്ന ശീർഷകത്തിലൂടെ സാങ്കല്പികമായി 8318 രൂപ വർദ്ധിപ്പിച്ചാണ് മുൻകൂർ ക്രമീകരിച്ച തുക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-13 വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 109570 | 78992 | 30792 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *96920 | 78778 | **30792 |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (93045+8721=101766/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (32478 X 100/105)=30931 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ |

| | | | തുക എടുക്കുന്നു. |
|---|---|---|---|

1.ഡിമാന്റ്, കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 214രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-14 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 65720 | 37723 | 28039 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | *52831 | 37681 | **28039 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(39615+15858=55473/105*100)=52831 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(29480/105X100)= 28076,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.ഡിമാന്റ്, കളക്ഷൻ എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 42 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-15 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | കള ക്ഷൻ | മുൻ കൂർ | ഡിമാന്റ് കുറവ് | ബാക്കി |
|---|---|---|---|---|---|

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | ക്രമീകരിച്ചത് | ചെയ്തത് | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 160610 | 5887 | 166497 | 146534 | 4022 | 150556 | 1423 | | 13153 | 1686 | 15488 |
| | നോൺ-റെസിഡൻഷ്യൽ | 64877 | 3392 | 68269 | 570445 | 1909 | 58954 | 1235 | | 6427 | 1441 | 7997 |
| | ആകെ | | | 234766 | | | 209510 | 2658 | | 23485 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 30407 | | | 209254 | | | | 7700 | 22707 | | |
| | | 7700+22707= (2019-20ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt . Cess/ Levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (431910101 -State Govt. Cess/ Levies...... ലെഡ്ജർ 2020-21) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, ബാക്കി എന്നി തുകകൾ പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 256 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 209254 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 209510 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 7700 രൂപയാണ്.

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-16 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 11077 | 489331 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 1989 | 7,03,797 |

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-17 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2020ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21വർഷത്തിൽ അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ 235 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/21 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-18 വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of | 2588 | 26488 |

| | | | |
|---|---|---|---|
| | Revenues - Property Tax On Residential Building | | |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 5250 | 13568 |

ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42000564 | 31/3/21 | 23900 |

നോൺ-റെസിഡൻഷ്യൽ

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42000565 | 31/3/21 | 8318 |

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-19 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ(ട്രേഡേഴ്സ്)

4.വാടക ഡിമാന്റ് രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-20 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | മറ്റ് ഫീസുകൾ | 350410399-Advance Collection Of Revenues-Other Fees | 10050 |
| 2 | ലൈസൻസ് ഫീസ് | 350410301-Advance Collection Of Revenues-Licence Fees For Factories,Traders,Enterprenuers And Other Services | 167200 |

| | | | |
|---|---|---|---|
| 3. | വാടക | 350410401- Advance Collection Of Revenues-Rent From Buildings | 8100 |

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-21 ലഭ്യത സംശയാസ്പദമായ തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, തൊഴിൽ നികുതിയിനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി,നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011,കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-22 Prior Period -വൌച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം “290000000-Prior Period Income” ,“190000000-Prior Period Expenditure ”എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 25751 |
| 190100102-Prior Period Income-Profession Tax Institution/Professionals/Traders | 2600 |
| 290500101-Prior Period Expenses- Tax Remission And Refund-Property Tax On Residential Buildings | 32218 |
| 290600101-Prior Period Expenses- Remission And Refund-Rent From Buildings | 45000 |

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-23 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികതി യിനത്തിലുള്ള പിരിവ്, ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കയിട്ടുള്ളത്.
(ഓഡിറ്റ് എൻക്വയറി നം.3/8.7.22)

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-25 ഡിപ്രിസിയേഷൻ അതാത് ആസ്തികളുടെ ശീർഷകങ്ങൾക്ക് അനുസരിച്ചോ ആസ്തികളുടെ ഗണത്തിന് അനുസരിച്ചോ A(Group Of Assets) പുനക്രമീകരിച്ചിട്ടില്ല.

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-26 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(c)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 19650546രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകൾ പ്രകാരം ആകെ ചെലവ് 29072670.25 രൂപയാണ്. ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമിക്കുന്നതിനുള്ള 6817747 രൂപയുടെ മൂലധനചെലവും ഉൾപ്പടുന്നു.

ആകെ ചെലവ് തുകയായ 290722670.25 ൽ നിന്നും ആസ്തികൾ നിർമിക്കുന്നതിനുള്ള 6817747 രൂപ കുറവ് ചെയ്ത് ബാക്കി റവന്യൂ ചെലവായ 22254923 രൂപയാണ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(c)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും ആയി വരേണ്ടിയിരുന്നത്. എന്നാൽ 19650546 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല 6817747 രൂപയുടെ ആസ്തികൾ ബാലൻസ്ഷീറ്റിൽ രേഖപ്പെടുത്തിയതായും കാണുന്നില്ല. വാർഷികകണക്കുകൾ തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-27 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (12960571)രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 19475981രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-28 ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല

| ക്ര.ന | ബാങ്ക് | അക്കൗണ്ട് നമ്പർ | 31/3/2021 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1. | 450210101-KGB SGRY | 1304 | 500 |
| 2. | 450210103-Arimbur Post Office | 830003 | 59917 |

ഇതിൽ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ 13.10.2005 വരെയുള്ള പാസ്സ്ബുക്ക് ഹാജരാക്കിയതിൽ നീക്കിയിരിപ്പ് 121373.45 രൂപയാണ്. ബാങ്ക് ബുക്ക് പ്രകാരം 31/3/21 ലെ നീക്കിയിരിപ്പ് 59917 രൂപയാണ്. മേൽ ബാങ്ക് അക്കൗണ്ടുകളിൽ ഇടപാടുകൾ ഇല്ലാത്തതിനാൽ തുക പഞ്ചായത്തിന്റെ തനത് വരുമാനം സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്.

## 1-29 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്ക് അക്കൗണ്ട് | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| ടിഡിസിബി തനത് | 32911 | 30/7/20 | 3800 |
| | 39253 | 27/8/20 | 1500 |
| | 32911 | 31/7/20 | 1200 |
| | 32497 | 18/5/20 | 1000 |

## 1-30 സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിയിലേയ്ക്ക് മാറ്റം - നീക്കിയിരിപ്പുകളിലെ വ്യത്യാസം

അരിമ്പൂർ ഗ്രാമപഞ്ചായത്ത് 20/9/20 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 21/9/20 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി.സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൌണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1)Opening Balance Sheet

31/3/20 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

2)പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയ തീയ്യതിയിലെ നീക്കിയിരിപ്പ് മുന്നിരിപ്പുകൾ

അരിമ്പൂർ ഗ്രാമപഞ്ചായത്ത് 20/9/20 വരെ സാംഖ്യ സോഫ്റ്റ്‌വെയറിലാണ് കണക്കുകൾ തയ്യാറാക്കിയിരുന്നത്. 21/9/20 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. 20/9/20 വരെ സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ കണക്കുകളുടെ സംക്ഷിപ്തമായി Income And Expenditure Account, Receipt And Payment Statement എന്നിവയിലെ നീക്കിയിരിപ്പുകൾ ILGMS ലെക്ക് മാറ്റിയത് സംബന്ധിച്ച പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

2.1.Receipt And Payment Statement

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല

2.2.Income And Expenditure Account

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി എടുത്തതിൽ വ്യത്യാസമില്ല

2.3.Balance Sheet

ILGMS ൽ Opening Balancesheet (1/4/20 പ്രകാരമുള്ളത്) രേഖപ്പെടുത്തുകയും തുടർന്ന് സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിപ്പിച്ച തീയ്യതിയിലെ (20/9/21) Receipt, Payment എൻട്രികളുടെ ആകെ തുകകൾ രേഖപ്പെടുത്തുകയും തുടർന്ന് ജേണൽ മുഖേന ആ കാലയളവിൽ ആസ്തികളെയും ബാധ്യതകളെയും സംബന്ധിച്ച് നടത്തിയ രേഖപ്പെടുത്തലുകൾക്ക് വേണ്ടിയുള്ള അഡ്ജസ്റ്റ്മെന്റ് എൻട്രിയും രേഖപ്പെടുത്തി കഴിഞ്ഞാൽ സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും അല്ലെങ്കിൽ ILGMS ലെ ഓപ്പണിംഗ് ബാലൻസ്ഷീറ്റും തുല്യമാകേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ അവസാനിച്ച തീയ്യതിയിലെ ബാലൻസ്ഷീറ്റും ILGMS ലെ അതേ തീയ്യതിയിലെ ബാലൻസ്ഷീറ്റും പൊരുത്തപ്പെടുന്നില്ല.

നീക്കിയിരിപ്പ് മുന്നിരിപ്പ് ആയി മാറ്റിയതിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ശീർഷകം | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരമുള്ള 20/9/20ലെ | ILGMS പ്രകാരമുള്ള ശീർഷകം | ILGMS ലെ 21/9/20 ലെ മുന്നിരിപ്പ് 1)Opening |
|---|---|---|---|

| | | | |
|---|---|---|---|
| | നീക്കിയിരിപ്പ് | | Balance Sheet 1)Opening Balance Sheet |
| 310000000-Panchayat Fund | 25638792.35 | | 19087499.35 |
| 320000000-Grants Fund Contribution For Specific Purpose | 8210725 | | 9533003 |
| 340000000-Deposits Received | 1042764 | | 1078738 |
| 350000000-Other Liabilities | 193921.65 | | 985663.65 |
| 4100000000-Fixed Assets | 65915574 | 410000000& 413000000&414000000&415000000 | 65225233 |
| 412000000-Capital Work In Progress | 5934074 | | 635965 |
| 431000000-Sundry Debtors Receivable | 1054815 | | 162976 |
| 460000000-Loans And Advance And Deposits | 10659710 | | 10103150 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി3 തീ 8/7/22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-31 ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ ട്രയൽ ബാലൻസ്- നീക്കിയിരിപ്പിൽ ഒരു ഇനത്തിനു തന്നെ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പ് ഒരേ സമയം ചേർത്തിരിക്കുന്നു.

ട്രയൽ ബാലൻസിൽ അതിന്റെ പേരു സൂചിപ്പിക്കുന്നതു പോലെ തന്നെ ഒരു ശീർഷകത്തിൽ ആ കാലയളവിലെ ട്രാൻസാക്ഷനുകൾക്ക് ശേഷമുള്ള നീക്കിയിരിപ്പ് (ക്രെഡിറ്റ് അല്ലെങ്കിൽ ഡെബിറ്റ്) നീക്കിയിരിപ്പാണ് വരേണ്ടത്. നീക്കിയിരിപ്പ് കോളത്തിൽ ഡെബിറ്റ് /ക്രെഡിറ്റ് നീക്കിയിരിപ്പുകൾ ചേർക്കേണ്ടതില്ല. എന്നാൽ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ ട്രയൽ ബാലൻസ്- നീക്കിയിരിപ്പിൽ ഒരു ഇനത്തിനു തന്നെ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പ് ഒരേ സമയം ചേർത്തിരിക്കുന്നു. ഇത് അക്കൗണ്ടിംഗ് തത്വങ്ങളുമായി പൊരുത്തപ്പെടുന്നതല്ല. IKM മുമായി ബന്ധപ്പെട്ട് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്. ഈ ഡെബിറ്റ് ക്രെഡിറ്റ് നീക്കിയിരിപ്പുകളുടെ വ്യത്യാസമാണ് നീക്കിയിരിപ്പായി Income & Expenditure Accoount, Balancesheet എന്നിവയിലേക്ക് വന്നിരിക്കുന്നത്. (ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-32 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 203139291 |
| ആകെ ചെലവ് (B) | | 198231531 |

| | | |
|---|---|---|
| മിച്ചം തുക C= A-B | | 4907760 |
| Prior Period Income | 33351 | |
| Prior Period Expenditure | 50394 | |
| Net Difference Between Prior Period Income And Expenses ( D ) | | (17043) (നെഗറ്റീവ് തുക) |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | | 4890717 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ 4907760 ൽ നിന്നും (17043) കുറച്ചപ്പോൾ ലഭിച്ച 4924803 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/21 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 4890717 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/21ടയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 15730902.35 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | 4890717 |
| 31/3/21 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 20621619.35 |

(കുറിപ്പ്- ഓഡിറ്റിന് ILGMS മൊഡ്യൂളിൽ ലഭ്യമാക്കിയ Income And Expenditure Account പ്രകാരം വരുമാനം, ചെലവ് എന്നിവയിൽ വ്യത്യാസമില്ലെങ്കിലും മിച്ച തുകയായി കണക്കാക്കിയിരിക്കുന്നത് 4874409 രൂപയാണ്. ഇതിലും ഗണിത ക്രിയയിൽ വ്യത്യാസം വന്നതായി കാണുന്നു.

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 3/8.7.22ന് മറുപടി ലഭ്യമാക്കിയില്ല)

## 1-33 ILGMS രസീതു ക്യാൻസലേഷൻ- അപാകതകൾ

22.03.2021 മുതൽ 4.07.2022വരെ Ilgms മുഖേന നൽകിയ രസീതുകൾ പരിശോധിച്ചതിൽ 41 രസീതുകൾ ക്യാൻസൽ ചെയ്തിട്ടുള്ളതായി ക്യാൻസലേഷൻ റിപ്പോർട്ട് പ്രകാരം കാണുന്നു. ആയതിൽ പ്രിന്റർ ഫോൾട്ടായി ക്യാൻസൽ ചെയ്ത രസീതുകളുമുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീതു നമ്പർ | തിയതി |
|---|---|---|
| 1 | 1210204012 | 15.03.22 |
| 2 | 1210204109 | 16.03.22 |
| 3 | 1210204808 | 25.03.22 |
| 4 | 1220200001 | 04.04.22 |
| 5 | 1220200217 | 19.04.22 |
| 6 | 1220200733 | 23.05.22 |

Ilgms ൽ രസീതുകൾക്ക് സ്റ്റേഷണറി നമ്പർ ഇല്ല. വെള്ള പേപ്പറിൽ പ്രിന്റ് ചെയ്ത രസീതാണ് നൽകുന്നത്. ആയതിനാൽ രസീതുകൾക്ക് ഡ്യൂപ്ലിക്കറ്റോ കൗണ്ടർ ഫോയിലോ ഇല്ല. പ്രിന്റ് വരാത്ത സാഹചര്യത്തിൽ പേപ്പർ മാറ്റി പ്രിന്റ് എടുത്ത് രസീത് നൽകാവുന്നതാണ്. ആയതിനാൽ പ്രിന്റർ ഫോൾട്ടായി രസീതു ക്യാൻസൽ ചെയ്യേണ്ട ആവശ്യം വരുന്നില്ല. ടി സാഹചര്യത്തിൽ രസീത് പ്രിന്റർ ഫോൾട്ടായി ക്യാൻസൽ ചെയ്യുവാനിടയായതിന്റെ കാരണം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് (എൻക്വയറി നമ്പർ 17/13.07.22) Ilgms ക്ലൗഡ് സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതിന് മുൻപ് സെൻട്രലൈസ്ഡ് സർവ്വറിൽ പ്രവർത്തിച്ചിരുന്നപ്പോൾ നെറ്റ്‌വർക്ക് സ്ലോ ആകുന്ന സാഹചര്യത്തിലും ഇന്റർനെറ്റ് ഇല്ലാത്തപ്പോഴും രസീതുകളിൽ പ്രിന്റ് എടുക്കാൻ സാധിച്ചിരുന്നില്ല എന്നും പ്രിന്റർഫോൾട്ടായി ക്യാൻസൽ ചെയ്യാത്ത പക്ഷം രസീത് നൽകുവാൻ കഴിയാത്തതിനാലാണ് രസീതുകൾ ക്യാൻസൽ ചെയ്തതെന്നുമാണ് മറുപടി

ലഭ്യമാക്കിയിട്ടുള്ളത്.

2) llgms മുഖേന ഇഷ്യൂ ചെയ്തിട്ടുള്ള മാന്വൽ രസീതികളിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കപ്പെട്ട രസീതികൾ llgmsൽ ക്യാൻസൽ ചെയ്തിട്ടില്ല. രസീതി പുസ്തകങ്ങളിലെ ബാക്കി നിൽക്കുന്ന രസീതികൾ ക്യാൻസൽ ചെയ്യുന്നതിന് llgmsൽ ഓപ്ഷൻ നൽകിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 17/13.07.22) മറുപടി നൽകിയിട്ടുണ്ട്.

രശീതികൾ ക്യാൻസലേഷൻ ചെയ്യുന്നതിനുള്ള സാഹചര്യം പരമാവധി ഒഴിവാക്കേണ്ടതാണ്.

## 1-34 ലേലം-ലഭ്യമായ തുക ബാധ്യത ശീർഷകത്തിൽ അടവാക്കി.നാളിതു വരെ വരവ് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ ലേലം നടത്തിയതിൽ താഴെ ചേർത്തിരിക്കും പ്രകാരം തുക ലേലം കൊണ്ടവർ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

| ഇനം | ലേലം വിളിച്ച ഉയർന്ന തുക | ലേല തിയതി | രശീത് നമ്പർ/തിയതി | അടവാക്കിയ തുക |
|---|---|---|---|---|
| കരിന്തലക്കുഴി കുളം-പ്രളയാവശിഷ്ടം നീക്കം ചെയ്യതിന്റെ ഭാഗമായി ലഭ്യമായ മണ്ണ് (1550 M3,159.71/m3) | 368000 | 28.01.2021 | 1200102098/28.01.21<br>1200102154/28.01.21<br>1200102188/28.01.21 | 68000<br>150000<br>168400<br>ആകെ-386400 |
| GUPS, അരിമ്പൂരിലെ മാവ് | 21000 | 24.02.21 | 1200103395/24.02.21<br>1200104014/24.02.21 | 10000<br>14990<br>ആകെ-24990 |
| GUPS അരിമ്പൂരിലെ പഴയ കെട്ടിടം | 80000 | 15.02.21 | 1200103245/15.02.21<br>1200104002/15.02.21 | 31500<br>63700<br>ആകെ-95200 |
| ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടമുറി | 350 | 29.1.21 | 1200102120/29.1.21 | 418 |

മേൽ പ്രകാരം ലഭ്യമായ തുകകൾ Auction Deposit ബാധ്യത ഹെഡ്ഡിൽ ആണ് അടവാക്കിയിട്ടുള്ളത് (ഹെഡ് കോഡ്-340200102.) ഇതിൽ നിന്നും GST, Flood Cess,FDT ഇനങ്ങളിലേയ്ക്ക് തുക മാറ്റി അടവാക്കിയിട്ടുണ്ട്. എന്നാൽ I&E അക്കൗണ്ട് വരവ് ശീർഷകത്തിലേയ്ക്ക് തുക നാളിതു വരെ മാറ്റിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 6/11.07.22) മറുപടി ലഭ്യമാക്കിയില്ല.

## 1-35 സപ്ലൈകോയിൽ നിന്നും നിയമാനുസൃത ജി എസ് ടി,ഫ്ലഡ് സെസ്സ് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2017 ലെ സിജിഎസ്ടി/ കെജിഎസ്ടി ആക്ടിലെ ഷെഡ്യൂൾ II ക്രമ നമ്പർ 5 (എ)പ്രകാരം സ്ഥാവര വസ്തുക്കളുടെ വാടക ജിഎസ്ടി യുടെ പരിധിയിൽ വരുന്നതാണ്. ആകെ വാർഷിക ടേണോവർ 20 ലക്ഷത്തിൽ അധികരിക്കുന്ന പക്ഷം വാടകയിന്മേൽ 18% ജിഎസ്ടി ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന (കെട്ടിട നമ്പർ-XI/322) സപ്ലൈകോ ഡിപ്പോ 1.04.2018 മുതൽ 15 വർഷത്തേക്കാണ് വാടക കരാർ വച്ചിട്ടുള്ളത് (പ്രതിമാസ വാടക-1551 രൂപ). അരിമ്പൂർ ഗ്രാമ പഞ്ചായത്തിൽ ജി എസ് ടി രജിസ്ട്രേഷൻ ലഭിച്ച ജൂൺ 2018 മുതൽ സ്ഥാപനം ജി എസ് ടി, ഫ്ലഡ് സെസ്സ് എന്നിവയിനത്തിൽ തുക അടവാക്കിയിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് പരാമർശമുണ്ട്. ജി എസ് ടി കുടിശ്ശിക തുക അടവാക്കുന്നതിന് സെക്രട്ടറി രേഖാമൂലം പല

തവണ ആവശ്യപ്പെട്ടിട്ടും തുക അടവാക്കാതിരുന്നതിനാൽ 13.8.21 തിയതിയിലെ 4/1 നമ്പർ തീരുമാന പ്രകാരം സപ്ലൈകോയുടെ നിലവിലെ കരാർ റദ്ദ് ചെയ്യുന്നതിനും നാളിതു വരെയുള്ള ജി എസ് ടി, ഫ്ലഡ് സെസ്സ് കുടിശ്ശിക തുകകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും വാടകയ്ക്കു പുറമേ നിയമാനുസൃത സർക്കാർ നികുതികളും ഈടാക്കുന്നത് വ്യവസ്ഥ ചെയ്തുകൊണ്ട് പുതിയ കരാറിൽ ഏർപ്പെടുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ടി തീരുമാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിന് ഈവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 8/11.07.2022) 28.09.21 ന് JC4-322/2018 നമ്പർ കത്ത് പ്രകാരം സപ്ലൈകോയെ അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. 8.03.2018 ലെ കരാർ പ്രകാരം 3 വർഷത്തിനുശേഷം, അതായത് 1.04.2021മുതൽ 15 % വർദ്ധനവ് ഏർപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ആയതിനാൽ നാളിതു വരെയുള്ള ജി എസ് ടി, ഫ്ലഡ് സെസ്സ് കുടിശ്ശിക തുകകൾ ഈടാക്കുന്നതിനും വർദ്ധിപ്പിച്ച നിരക്കിൽ വാടക ഈടാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-36 അഗതിരഹിത കേരളം പദ്ധതി-പ്ലാൻ ഫണ്ട് ചെലവഴിക്കാതെ ശേഷിക്കുന്നു

നിർവ്വഹണം -അസി.സെക്രട്ടറി

അഗതിരഹിത കേരളം പദ്ധതിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (SIB 0437073000050117) പ്ലാൻ ഫണ്ട് ഇനത്തിൽ നൽകിയതുക ചെലവഴിക്കാതെ ശേഷിക്കുന്നതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (9/11.07.2022). 31/03/2022വരെ 900000/-രൂപ ചെലവഴിക്കാൻ ശേഷിക്കുന്നതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. വിവിധ സാമ്പത്തിക വർഷങ്ങളിലായി നൽകിയ തുകയാണ് ഇപ്രകാരം ചെലവഴിക്കാതെ ശേഷിക്കുന്നത്. അഗതിരഹിത കേരളം പദ്ധതി പ്രകാരം 34 പേർ ഭവന പുനരുദ്ധാരണത്തിനും, 25 പേർ ഭവന നിർമ്മാണത്തിനും ഗുണഭോക്താക്കാളിയിട്ടുണ്ടെന്നും ഇതിൽ ഭവന നിർമ്മാണം ആവശ്യമായ ഗുണഭോക്താക്കാളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും, ഭവന പുനരുദ്ധാരണംആവശ്യമായ 34 പേരിൽ 10 പേർക്ക ഭവന പുനരുദ്ധാരണത്തിന് തുക നൽകുകയും 9 പേർ തയ്യാറാല്ല, 5പേർക്ക് പഞ്ചായത്തിലെ ഭവന പുനരുദ്ധാരണപദ്ധതിപ്രകാരം നൽകിയതായും, 4 പേർ മരണപ്പെടുകയും ബാക്കി 6 പേരെയും, ഭവന പുനരുദ്ധാരണപദ്ധതിയിൽ ഉൾപ്പെടാത്തവരും എന്നാൽ ആശ്രയഗുണഭോക്താക്കളായ 7 പേരെയും ഉൾപ്പെടുത്തി പ്ലാൻഫണ്ട് ചെലവഴിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്ലാൻഫണ്ട് സമയബന്ധിതമായി ചെലവഴിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-37 മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 78/21 |
| | പെയിൻ & പാലിയേറ്റീവ് കെയർ |
| അടങ്കൽ | - 850,000/ - |
| ചെലവ് | 617638// (വികസന ഫണ്ട്- പൊതു വിഭാഗം – സാധാരണ വിഹിതം) |
| ട്രഷറി ബിൽ നം/ തീയതി | 22/ 19.3.2021 –/-232000/- രൂപ |
| ബ്ലോക്ക് വിഹിതം | 26013631/29.03.21-100000/- |

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പ്രൊഫോർമ ഇൻവോയ്സ് നം. PRF-6016/ 07.03.21 പ്രകാരം 232,000/- രൂപയും, PRF-6027/ 08.03.21 പ്രകാരം 100000/- രൂപയും, കൈമാറിയിട്ടുണ്ട്. എന്നാൽ തൻവർഷം നൽകിയ 332000/- രൂപയിൽ 133411/- രൂപയുടെ മരുന്ന് മാത്രമാണ് നാളിതു വരെ ലഭിച്ചിട്ടുള്ളത്. മരുന്ന് ലഭിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | നൽകിയ തുക | ഇൻവോയ്സ് നം.തി. | തുക |
|---|---|---|---|
| 1 | 232000- | 3556/10.07.21 | 9722/- |
| | | 3490/07.07.21 | 7044/- |
| | | 14596/07.03.22 | 70376/- |

| | | | |
|---|---|---|---|
| | | ആകെ | 87142/- |
| 2 | 100000/- | 14618/07.03.22 | 20599/- |
| | | 3798/06.06.22 | 25670/- |
| | | ആകെ | 46269/- |
| | Grand Total | | 133411/- |

ലഭിച്ച മരുന്നുകൾ തന്നെ ഏകദേശം ഒരു വർഷത്തിന് ശേഷമാണ് ലഭിച്ചിട്ടുള്ളത്. 198589/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്. ടി മരുന്നുകൾ അടിയന്തിര സ്വഭാവമുള്ളതാകയാൽ മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 ആസ്തി രജിസ്റ്റർ കാലികമാക്കൽ-അഡ്വാൻസ് നൽകി -നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എൻജിനീയർ

പ്രോജക്റ്റ് നം. 114/21

വകയിരുത്തിയ തുക -268245/-

ചെലവ്-80000/-

ബിൽ നം. തി. 41/05.10.20 -80000/-

എഗ്രിമെന്റ് -12/AE/LSGD/AMPR/20-21/26.06.20

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്റെ ഭാഗമായി പൊതു ആസ്തി വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് കാലികമാക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസിയായ സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡവലപ്മെന്റ്,പുതുക്കാട് എന്ന സ്ഥാപനത്തിന് അഡ്വാൻസ് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 4 മാസമായിരുന്നു പൂർത്തീകരണ കാലാവധി. എന്നാൽ ആയത് പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യാമാക്കണമെന്നാവശ്യപ്പെട്ട് (ഓഡിറ്റ് എൻക്വയറി 2/13.07.2022) നൽകിയതിന് പൂർത്തീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പൂർത്തീകരിക്കുന്നുവരെ ചെലവഴിച്ച 80000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരലിന്റെ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | കരാറുകാരൻ | എം.ബി നമ്പർ | ട്രഷറി ബിൽ നമ്പർ/ തീയതി | ചെലവ് തുക | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281/- (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|---|---|
| 1 | 34/21 സ്റ്റുഡന്റ്സ് റോഡ് റീടാറിങ്ങ്, വാർഡ്-16 | ഒലീവിയ പ്രോജക്റ്റ്സ് | 271/20-21 | 86/23.03.21- | 299823/- | 16 | 4496 |
| 2 | 170/21, ജവാൻ എഴുത്തച്ഛൻ റോഡ് | സ്മിത.വി.ആർ | 93/19-20 | 17/17.05.20 | 492658/(ഫൈനൽ ബിൽ) | 24 | 6744 |
| 3 | 211/21, ഇ.എം.എസ് റോഡ് കൺസ്ട്രക്ഷൻ | ഹരീഷ്കുമാർ | 264/20-21, 239/20-21 | 74/17.03.21 | 338694/- | 5 | 1405 |
| 4 | 17/21, ചക്കിമുന റോഡ് കൺസ്ട്രക്ഷൻ | കൊച്ചുമോൻ.കെ.എ. | 99/19-20 | 08/21.04.20 | 340654/- | 5 | 1405 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 13/21, അല്ലേഷ് സെന്റർ ട്ട പണിക്കർമൂല റോഡ് റീടാറിങ്ങ് | കൊച്ചുമോൻ.കെ.എ. | 91/19-20 | 09/21.04.20, ചെക്ക് നം.2908805/ 07.03.20 | 350000/- 349797/- | 36 | 10116 |
| 6 | 105/21, ചക്കിമുന സബ്റോഡ് നിർമ്മാണം | കൊച്ചുമോൻ.കെ.എ. | 108/19-20 | 06/21.04.20 | 340986/- | 3 | 843 |
| 7 | 172/21,സ്റ്റാർ റോഡ് നിർമ്മാണം | സ്മിത.വി.ആർ. | 119/19-20 | 25/22.05.20, ചെക്ക് നം. | 243481/- 39593/- | 5 | 1405 |
| 8 | 165/21, കാപ്രികോൺ സബ്റോഡ് നിർമ്മാണം | ഗിരീഷ്.എം.ആർ | 109/19-20 | 21/15.05.20, | 367880/- 52712/- | 4 | 1124 |
| 9 | മഹാവിഷ്ണു ടെമ്പിൾ റോഡ് നിർമ്മാണം | സ്മിത.വി.ആർ. | 126/19-20 | 22/15.05.20, | 157200/-, 52712/- | 7 | 1967 |
| 10 | 178/21,പട്ടിയിൽ ബ്രാഞ്ച് റോഡ് റീ -ടാറിങ്ങ് | പ്രദീപ് കുമാർ | 322/19-20 | 26/25.05.20 | 69182/- | 3 | 843 |
| 11 | കൈപ്പിള്ളി ബണ്ട് റോഡ് റീടാറിങ്ങ് | ഹരീഷ്കുമാർ | 32/19-20 | 27/25.05.20 | 164945/- | 8 | 2248 |
| 12 | 174/21കപ്പേളറോഡ് റീടാറിങ്ങ് | പ്രവീൺ.കെ.പ്രേമൻ | 96/19-20 | 29/26.05.20 | 300000/- 154887/- | 23 | 6463 |
| 13 | 226/21, എൻ.എസ്.എസ് .റോഡ് ആദ്യ ഭാഗം റീടാറിങ്ങ് | ഹരീഷ് കുമാർ | 347/19-20 | 75/17.03.21 തനത് ഫണ്ട് 408325/ 19.03.2021 | 36000/- 22325/- | 2 | 562 |
| 14 | തേമാലിപുറം റോഡ് റീടാറിങ്ങ് | കൊച്ചുമോൻ.കെ.എ. | 407/17-18, 134/19-20 | 04/20.04.20 | 300000/- | 25 | 7025 |
| 15 | 63/21, NID റോഡ് റീടാറിങ്ങ് | അരുൺലാൽ.കെ.ആർ. | 275/20-21 | 90/21.03.21 | 373037/- | 20 | 5620 |
| 16 | 235/21, തേമാലിപുറം കോളനി റോഡ് റൈറ്റ് എന്റ് പോർഷൻ,വാർഡ്-2 | ഒലീവിയ പ്രോജക്റ്റ്സ് | 268/20-21 | 81/20.03.21 | 178068/- | 8 | 2248 |
| 17 | 196/21,എഴുത്തച്ഛൻ റോഡ് ബാലൻസ് പോർഷൻ | സ്മിത.വി.ആർ. | 330/19-20 | 33/06.07.20 | 287944/- | 14 | 3934 |
| 18 | 249/21, NID റോഡ് അവസാനഭാഗം റീടാറിങ്ങ് | അരുൺലാൽ.കെ.ആർ. | 276/20-21 | 91/24.03.21 | 97811/- | 5 | 1405 |
| 19 | 194/21, | പ്രദീപ്കുമാർ | 77/19-20 | 49/14.11.20 | 408252/- | 5 | 1405 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഐശ്വര്യ അംഗനവാടിറോഡ് നിർമ്മാണം | | | | | | |
| 20 | 201/21,സബ്സെന്റർ റോഡ് നിർമ്മാണം | പ്രവീൺ.കെ.പ്രേമൻ | 78/19-20 | 50/11.11.20 | 429615/- | 7 | 1967 |
| 21 | 218/21, ഐനിക്കൽ റോഡ് നിർമ്മാണം | സെബാസ്റ്റ്യൻ.എം.ടി. | 332/19-20 | 53/12.11.20 | 69360/- | 1 | 281 |
| 22 | 230/21,പാറക്കാട് എഴുത്തച്ഛൻ റോഡ് റീടാറിങ്ങ് | ഒലീവിയ പ്രോജക്റ്റ്സ് | 267/20-21 | 83/20.03.21 | 194587/- | 8 | 2248 |
| 23 | 25/21,ഹൈടെക്ക് റോഡ് റീടാറിങ്ങ് | ഒലീവിയ പ്രോജക്റ്റ്സ് | 269/20-21 | 85/23.03.21 | 334272/- | 18 | 5058 |
| 24 | 23/21,സബ്സെന്റർ റോഡ് റീടാറിങ്ങ് ,വാർഡ്-1 | ഒലീവിയ പ്രോജക്റ്റ്സ് | 247/20-21 | 84/20.03.21 | 604108/- | 33 | 9273 |
| 25 | 39/21, കല്ലാശ്ശേരി റോഡ് റീടാറിങ്ങ് | ഉണ്ണികൃഷ്ണൻ | 363/19-20 | 78/17.03.21 | 222833/- | 11 | 3091 |
| 26 | 51/21, കണ്ടോളി റോഡ് റീടാറിങ്ങ് | നിധിൻ.വി.ആർ. | 90/19-20 | 65/25.02.21 | 576085/- | 31 | 8711 |
| 27 | 21/21, NSS റോഡ് റീടാറിങ്ങ് | ഹരീഷ് കുമാർ | 120/19-20 | 68/02.03.21 | 309040/- | 4 | 1124 |
| 28 | 47/21, സനിൽ നഗർ റോഡ് റീടാറിങ്ങ് | നിധിൻ.വി.എ. | 352/19-20 | 64/25.02.21 | 163243/- | 8 | 2248 |
| 29 | 67/21, മാധവ റോഡ് മെയിന്റനൻസ് | നിധിൻ.വി.എ. | 351/19-20 | 63/25.02.21 | 213121/- | 6 | 1686 |
| 30 | മിനി ഇൻഡസ്ട്രീയൽ റോഡ് നിർമ്മാണം | ഹരീഷ് കുമാർ | 97/19-20 | 31/18.06.20, 39/05.10.20 | 160500/- 73485/- | 4 | 1124 |
| 31 | 58/21സ്റ്റുഡന്റ്സ് സ്റോഡ് റീടാറിങ്ങ് | അനരാഗ്.പി.പി. | 251/20-21 | 104/30.03.21 | 879931/- | 48 | 13488 |
| 32 | 56/21, വിദ്യാരംഭം അംഗനവാടി മുതൽ ഉദയ നഗർ റോഡ് റീ-ടാറിങ്ങ് | ഒലീവിയ പ്രോജക്റ്റ്സ് | 274/20-21 | 105/30.03.21 | 99095/- | 5 | 1405 |
| 33 | 47/21, ഗാന്ധി റോഡ് | സ്മിത.വി.ആർ | 88/19-20 | 22000739/ 10.03.2021 | 359830/- | 18 | 5058 |

| | | | | | | | |
|---|---|---|---|---|---|---|---|
| | റീ-ടാറിങ്ങ് | | | | | | |
| 34 | 176/21,മുനയം റോഡ് റീ-ടാറിങ്ങ് | സ്മിത.വി.ആർ | 321/19-20 | 28/25.05.20 | 85852/ | 4 | 1124 |
| 35 | തേമാലിപുരം ബാലൻസ് റോഡ് റീടാറിങ്ങ് | കൊച്ചുമോൻ | 135/19-20 | 01/20.04.20, | 2110000/- 87452/- | 15 | 4215 |
| 36 | 48/21,ഗ്രൗണ്ട് റോഡ് റീടാറിങ്ങ് | അരുൺലാൽ.കെ.ആർ. | 278/20-21 | 93/24.03.21 | 362609/- | 19 | 5339 |
| 37 | 214/21,ഉദയ നഗർ റോഡ് റീടാറിങ്ങ് | കൊച്ചുമോൻ.കെ.എ. | 246/20-21 | 94/24.03.21, | 327430/-, 207507/- | 21 | 5901 |
| 38 | 40/21സേവ്യോ ഹോം റോഡ് റീടാറിങ്ങ് | അനുരാഗ്.പി.പി. | 281/20-21 | 103/29.03.21 | 374925/- | 20 | 5620 |
| 39 | 216/21ബാങ്ക് പറമ്പ് റോഡ് റീടാറിങ്ങ് | സ്മിത.വി.ആർ | 354/19-20 | 51/12.02.21, | 200000/-, 195532/- | 20 | 5620 |
| 40 | 210/21,ബ്രൈറ്റ് നഗർ റോഡ് റീ ടാറിങ്ങ് | സ്മിത.വി.ആർ | 353/19-20 | 60/12.02.21 | 317200/- | 16 | 4496 |
| 41 | പഴയ വെട്ടുവഴി റോഡ് അവസാന ഭാഗം റീടാറിങ്ങ് | ഒലീവിയ പ്രോജക്ട്സ് | 272/20-21 | 82/30.03.21 | 234525/-, 3101/- | 12 | 3372 |
| 42 | 180/21, ഊമൻകുളം സബ്റോഡ് മെയിന്റനൻസ് | സെബാസ്റ്റ്യൻ.എം.ടി | 228/18-19 | 30/22.05.20 | 523568 | 5 | 1405 |
| | | | | | | | 155112 |

മുകളിൽ പറഞ്ഞു പ്രകാരം ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 11/13.07.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കി. ആയതിനാൽ കാലി ബാരൽ വില ഇനത്തിൽ രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-40 അരിമ്പൂർ പി.എച്ച്.സി കിണർ മെയിന്റനൻസ്-ടെന്റർ കുറവ് കുറക്കാതെ കരാറുകാരന് തുക നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
വകയിരുത്തിയ തുക-89000/-

ബിൽ നം. തി. -14/20.04.20-79147/-

എം.ബുക്ക് നം. 115/19-20

കോസ്റ്റ് ഇൻഡക്സ് 37.25%

കരാറുകാരൻ-അനുരാഗ്.പി.പി.

അരിമ്പൂർ പി.എച്ച്.സി കിണർ ആഴം കൂട്ടി റിങ്ങ് ഇറക്കി കമ്പി വല കെട്ടി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും,കിണറിന് പുറത്ത് പ്ലാറ്റ് ഫോം നിർമ്മിച്ച് ഗ്രിൽ ഇടുന്നതിനും വേണ്ടിയാണ് ടി പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 11% കുറവിനാണ് കരാറുകാരൻ ടി പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയപ്പോൾ ടെന്റർ കുറവ് കുറക്കാത്തതു മൂലം 8706/ രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

നൽകിയ തുക

| | |
|---|---|
| പ്രവൃത്തി മൂല്യം | 79147/- |
| കുറക്കുക | |
| ഇന്കംടാക്സ് | 792 |
| പിഴ | 3000/- |
| KCWWf | 792 |
| | 74563/- |

നൽകേണ്ട തുക

| | |
|---|---|
| പ്രവൃത്തി മൂല്യം | 79147/- |
| കുറക്കുക-ടെന്റർ കുറവ് | 8706/- |
| | 70441 |
| ഇന്കംടാക്സ് | 704 |
| പിഴ | 3000/- |
| KCWWf | 704 |
| | 66033/- |

മേൽ പ്രകാരം 8530/-രൂപ (74563-66033)കരാറുകാരന് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. മേൽ പരാമർശത്തിന് 12/13.07.22 പ്രകാരം എൻക്വയറി നൽകിയതിന് കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിന് കത്ത് നൽകുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി.

## 1-41 പ്രവൃത്തി ഏറ്റെടുത്ത് കരാർ വെച്ചിട്ട് പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചു കാണുന്നില്ല.

ജോസഫ്.എം.ടി, മേച്ചേരിപ്പടി, അന്തിക്കാട് എന്ന കരാറുകാരൻ ഏറ്റെടുത്ത മിനി ഇൻഡസ്ട്രിയൽ റോഡ്, വാത്തിയത്ത് റോഡ്, ഗാന്ധിനഗർ റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ കരാർ വെച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി നടത്തിയിട്ടില്ല. 02.08.19 ലെ 1/12 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ടിയാനെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും, പ്രവൃത്തി റീടെന്റർ ചെയ്യുന്നതിനും തീരുമാനമെടുത്തിരുന്നു. മേൽ കമ്മിറ്റി തീരുമാന പ്രകാരം കരാറുകാരനെതിരെ എന്ത് നടപടികൾ സ്വീകരിച്ചു എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിന് 14/13.07.2022 പ്രകാരം എൻക്വയറി നൽകിയതിന് കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. കരാറിലെ വ്യവസ്ഥ 9 പ്രകാരം മേൽ പ്രവൃത്തികളുടെ ഇ.എം.സി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഫോർഫീറ്റ് ചെയ്യേണ്ടതും റീ ടെന്റർ നടപടിക്ക് വേണ്ടി വരുന്ന ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 അരിമ്പൂർ പി.എച്ച്.സി കിണർ മെയിന്റനൻസ്-ടെന്റർ കുറവ് കുറക്കാതെ കാറുകാരന് തുക നൽകി.-8530/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക-89000/-

ബിൽ നം. തി. -14/20.04.20-79147/-

എം.ബുക്ക് നം. 115/19-20

കോസ്റ്റ് ഇൻഡക്സ് 37.25%

കരാറുകാരൻ-അനുരാഗ്.പി.പി.

അരിമ്പൂർ പി.എച്ച്.സി കിണർ ആഴം കൂട്ടി റിങ്ങ് ഇറക്കി കമ്പി വല കെട്ടി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനും, കിണറിന് പുറത്ത് പ്ലാറ്റ് ഫോം നിർമ്മിച്ച് ഗ്രിൽ ഇടുന്നതിനും വേണ്ടിയാണ് ടി പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. 11% കുറവിനാണ് കരാറുകാരൻ ടി പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയപ്പോൾ ടെന്റർ കുറവ് കുറക്കാത്തതു മൂലം 8706/ രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

നൽകിയ തുക

| | |
|---|---|
| പ്രവൃത്തി മൂല്യം | 79147/- |
| കുറക്കുക | |
| ഇന്കംടാക്സ് | 792 |
| പിഴ | 3000/- |
| KCWWf | 792 |
| | 74563/- |

നൽകേണ്ട തുക

| | |
|---|---|
| പ്രവൃത്തി മൂല്യം | 79147/- |
| കുറക്കുക-ടെന്റർ കുറവ് | 8706/- |
| | 70441 |
| ഇന്കംടാക്സ് | 704 |
| പിഴ | 3000/- |
| KCWWf | 704 |
| | 66033/- |

മേൽ പ്രകാരം 8530/-രൂപ (74563-66033)കരാറുകാരന് അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.മേൽ പരാമർശത്തിന് 12/13.07.22 പ്രകാരം എൻക്വയറി നൽകിയതിന് കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിന് കത്ത് നൽകുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കി.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| | | 800000 | വെങ്കിളിപ്പാടം കാന നിർമ്മാണം | 4,89,853 | 310147(സ്പിൽ ഓവർ 2021-22) |
| | | 100000 | പെയിൻ ആന്റ് | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാലിയേറ്റീവ് കെയർ | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 10,00,000 | റോസ് ഗാർഡൻ റോഡ് നിർമ്മാണം | 9,07,196 | 92,804 |
| | | 10,00,000 | മനക്കൊടി തെക്ക് റോഡ് പരിപാലനം | 9,52,900 | 47,100 |
| | | 14,37,838 | പാലക്കടവ് റോഡ് പരിപാലനം | 14,37,838 | 0 |

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകയുടെ ACRഎഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 168/21 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 2245457 | | 2245457 |
| | 85/21 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 857549 | | 857549 |
| | 245/21 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 91706 | | 91706 |
| KWA | 112/21,169/21 ഐനിക്കൽ റോഡ് കുടിവെള്ള പദ്ധതി | 470000 | | 470000 |
| | 247/11 141 നമ്പർ അങ്കണവാടി കുടിവെള്ള കണക്ഷൻ | 155000 | | 155000 |
| | 271/11 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ്-14 | 210000 | | 210000 |

ഈ തുകകൾ യഥാക്രമം Advance To Implimenting Agencies KSEB, KWA എന്ന് ശീർഷകത്തിൽ ചേർക്കാതെ നേരിട്ട് ചെലവ് ശീർഷകങ്ങളിൽ ചേർത്തതിനാൽ 31/3/21 ലെ ബാലൻസ്ഷീറ്റിൽ ഈ തുക ചെലവഴിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | ലഭ്യമല്ല | 83,30,000 | 75,94,706 | 848706 | | 67,46,000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീതി നം./തീയതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിവരം ലഭ്യമല്ല.

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

വിവരം ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89,236,704 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,21,97,275 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8530/ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 80000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപയിൽ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | --- | 8530/- | ശ്രീ.വിൻസെന്റ്.സി.ജി,അസിസ്റ്റന്റ് എഞ്ചിനീയർ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-38 | 80000 | ശ്രീ.വിൻസെന്റ്.സി, അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിൻസെന്റ്.സി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ. | അരിമ്പൂർഗ്രാമപഞ്ചായത്ത് | ചക്കാലക്കൽ ഹൗസ്, നടത്തറ.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 86-87&87-88 | എൽ.എഫ്.ടി.9-1376/91/2.11.91 |
| 90-91 | എൽ.എഫ്.ടി.9-817/94/17.5.95 |
| 91-92 | എൽ.എഫ്.ടി.9-31/96/21.4.96 |
| 92-93&93-94 | എൽ.എഫ്.ടി.9-60/96/25.5.96 |
| 94-95 | എൽ.എഫ്.ടി.21-1508/2000/2.12.00 |
| 95-96&96-97 | എൽ.എഫ്.ടി.12-703/04/28.10.04/12.1.05 |
| 97-98 | എൽ.എഫ്.ടി.12-109/05/22.4.05/14.11.05 |
| 98-99(വരവ്) | എൽ.എഫ്.ടി.12-1103/05/21.12.05/8.5.06 |
| 98-99(ചെലവ്) | എൽ.എഫ്.ടി.12-1502/00/3.11.00/5.2.01 |
| 99-00(ചെലവ്) | എൽ.എഫ്.ടി.12-724/03/1.9.03/2.1.04 |
| 99-00(വരവ്) | എൽ.എഫ്.ടി.12-1104/05/21.12.06/8.5.06 |
| 00-01(ജനകീയാസൂത്രണം) | എൽ.എഫ്.ടി.12-1724/03/8.2.04/9.5.04 |
| 01-02 | എൽ.എഫ്.ടി.12-861/08/23.7.09 |
| 02-03 | എൽ.എഫ്.ടി.12-862/08/23.7.09 |
| 03-04 | എൽ.എഫ്.ടി.12-588/10/4.5.11/13.10.11 |
| 04-05 | എൽ.എഫ്.ടി.12-589/10/4.5.11/13.10.11 |
| 05-06 | എൽ.എഫ്.ടി.12-541/10/28.9.11/18.10.11 |
| 06-07 | എൽ.എഫ്.ടി.12-542/10/28.9.11/4.11.11 |
| 07-08 | എൽ.എഫ്.ടി.പി.6-858/11/21.11.11/18.5.12 |
| 08-09,09-10,10-11 | എൽ.എഫ്.ടി.പി.2-2020/12/8.3.13/14.6.14 |
| 11-12 | എൽ.എഫ്.ടി.പി.2-1097/13/8.11.13/ 7.2.14 |
| 12-13 | എൽ.എഫ്.ടി.പി2-569/14/10.1.14/12.1.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.(പി1)491/15, തീ.22.9.15/17.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ.(പി2)918/16, തീ.12.06.16 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ (പി2) 2202/16, തീ.16.01.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ (പി2) 1308/17, തീ.31.08.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ (പി2) 712/19, തീ.06.06.2019 |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ(പി.2)173/2020 , തീ.06.02.2020 |
| 19-20 | കെ.എസ്.എ.ടി.എസ്.ആർ( പി1)516/2021 തീ.31/03/2021 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്